പതിമൂന്നാം കേരള നിയമസഭ - ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:2038 12/02/2013 - ൽ മറുപടിക്ക്

## മത്സ്യത്തൊഴിലാളികൾക്കു വീടു നിർമ്മിച്ചുനൽകുന്ന പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി. കെ. നാണു: | ശ്രീ.കെ. ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
| (എ) ഭവനരഹിതരായ മത്സ്യത്തൊഴിലാളികൾക്കു നൽകുന്ന വീടുകളുടെ എണ്ണം കഴിഞ്ഞ വർഷത്തേക്കാൾ കുറഞ്ഞതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമനിധി (NFWF) ഭവന നിർമ്മാണ പദ്ധതി പ്രകാരം മുൻ വർഷങ്ങളിൽ നൽകി വന്നിരുന്ന ഭവന നിർമ്മാണ ഗ്രാന്റായ 50,000 രൂപ 2012-13 സാമ്പത്തിക വർഷം മുതൽ 2 ലക്ഷം രൂപയാക്കി ഉയർത്തിയിട്ടുണ്ട്. ആയതിനാലാണ് ഗുണഭോക്താക്കളുടെ എണ്ണം മുൻവർഷത്തേക്കാൾ കുറഞ്ഞത്. |
| (ബി) മത്സ്യത്തൊഴിലാളികളുടെ ഒന്നോ രണ്ടോ വിധവകൾക്കു മാത്രമാണ് വീടുകൾ നൽകുന്നതെന്നതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ, ഇവയുടെ എണ്ണം പഞ്ചായത്തടിസ്ഥാനത്തിൽ വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ;<br><br>(സി) ബുദ്ധിമാന്ദ്യം സംഭവിച്ച കുട്ടികളുള്ള ഭവനരഹിതരായ | (ബി) & (സി) ഫിഷറീസ് വകുപ്പ് നടപ്പിലാക്കി വരുന്ന ഭവന നിർമ്മാണ പദ്ധതികൾക്ക് (ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമനിധി ഭവന നിർമ്മാണ പദ്ധതി, മാതൃക മത്സ്യ ഗ്രാമം പദ്ധതി) വേണ്ടി അപേക്ഷകൾ ക്ഷണിച്ച് അർഹരായ ഗുണഭോക്താക്കളുടെ ലിസ്റ്റ് തയ്യാറാക്കി അതിൽ നിന്ന് നറുക്കെടുപ്പിലൂടെയാണ് അന്തിമമായി ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നത്. മാതൃകാ മത്സ്യഗ്രാമം പദ്ധതിപ്രകാരം അനുവദിച്ച വീടുകളിൽ 10% വിധവകൾ |

| | |
|---|---|
| മത്സ്യത്തൊഴിലാളികളിൽ കൂടുതൽ പേർക്ക് വീടുകൾ നൽകുവാനുള്ള നടപടി സ്വീകരിക്കുമോ? | ക്കും കാൻസർ രോഗികൾക്കുമായി നീക്കി വെച്ചിട്ടുണ്ട്. ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമനിധി ഭവന നിർമ്മാണ പദ്ധതിയുടെ 10% സർക്കാർ ക്വാട്ടയിലാണ്. ബുദ്ധ്യ മാന്ദ്യം സംഭവിച്ച കുട്ടികളുള്ള ഭവനരഹിത രായ മത്സ്യത്തൊഴിലാളികൾക്ക് കൂടുതൽ വീടുകൾ നല്കുന്ന കാര്യം പരിഗണന യിലില്ല. |

സെക്ഷൻ ഓഫീസർ